**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ല — ഏറത്ത് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി. പ്രഭകുമാരൻ നായർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.211/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 31.01.2019

==================================================================

പരാമർശം:
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15.10.2015-ലെ ഇ 3(എസ് സി 17/15/പിടിഎ) 20201/2015 നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 28.01.2016-ലെ 12728/ഡി3/2015/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 14.10.2016-ലെ 83/ഇപിബി2/2016/തസ്വഭവ നമ്പർ കുറ്റപത്രം
4. സർക്കാരിന്റെ 23.03.2017-ലെ ഇപിബി2/83/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീ. വി. പ്രഭകുമാരൻ നായർ സമർപ്പിച്ച 05.07.2017-ലെ പ്രതിവാദ പത്രിക
6. പഞ്ചായത്ത് ഡയറക്ടറുടെ 25.01.2018-ലെ ഡി6-37356/16 നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 09.07.2015-ൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ ഏറത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പ്രഭകുമാരൻ നായർ 12.01.2015-ൽ എ 4/1247/15 എന്ന നമ്പരിൽ ശ്രീ. നാണുകുട്ടൻ എന്നയാൾക്ക് കെട്ടിടം വൈദ്യുതീകരിക്കുന്നതിലേയ്ക്കായി വ്യാജ ഉടമസ്ഥതാ സർട്ടിഫിക്കറ്റ് നൽകിയെന്ന ക്രമക്കേട് കണ്ടെത്തുകയുണ്ടായി. തുടർന്ന് പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. പ്രഭകുമാരൻ നായർക്കെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുവാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ പ്രഭകുമാരൻ നായർക്കെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. എന്നാൽ ശ്രീ. പ്രഭകുമാരൻ നായർ 31.05.2015-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പ്രസ്തുത കുറ്റപത്രം പഞ്ചായത്ത് ഡയറക്ടർ തിരികെ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. തുടർന്ന് ശ്രീ. പ്രഭാകുമാരൻ നായർക്കെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. പ്രഭകുമാരൻ നായരുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിന്

താൽക്കാലിക തീരുമാനം കൈകൊള്ളുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. പ്രഭകുമാരൻ നായർ പരാമർശം (5) പ്രകാരം സമർപ്പിച്ച മറുപടിയിൽ തന്നെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. പ്രഭകുമാരൻ നായരെ നേരിൽ കേൾക്കുകയുണ്ടായി.

ശ്രീ. പ്രഭകുമാരൻ നായർ നൽകിയ വിശദീകരണ പത്രികയിൽ ചുവടെ പറയുന്ന കാര്യങ്ങൾ പ്രതിപാദിക്കുകയുണ്ടായി.

ഏറത്ത് ഗ്രാമപഞ്ചായത്തിൽ താൻ സെക്രട്ടറിയായിരിക്കേ 12.01.2015-ൽ ശ്രീ. നാണുകുട്ടൻ, മലയുടെ പടിഞ്ഞാറ്റേതിൽ, തുവയൂർ വടക്ക് എന്നയാൾ ടിയാൻ താമസിക്കുന്ന EP VIII/225 നമ്പർ കെട്ടിടം വൈദ്യുതീകരിക്കുന്നതിലേയ്ക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയിരുന്നുവെന്നും ആയതിൻപ്രകാരം വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ EP VIII/225 നമ്പരിലുള്ള കെട്ടിടം ടിയാന്റെ മാതാവ് ശ്രീമതി. തേവിയുടേതാണെന്ന് തെളിയിക്കുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. പ്രസ്തുത നടപടിയിൽ ക്രമവിരുദ്ധമായി യാതൊന്നും തന്നെ ഇല്ലാത്തതാണെന്നും, എന്നാൽ അപേക്ഷകനായ ശ്രീ. നാണുകുട്ടൻ, തേവി എന്ന പേരിനു ശേഷം നാണുകുട്ടൻ എന്ന് ബ്രാക്കറ്റിൽ എഴുതുക കൂടി ചെയ്ത് യഥാവിധി നൽകിയ സർട്ടിഫിക്കറ്റിൽ ക്രമക്കേട് കാണിച്ച് അത് വൈദ്യുതി ബോർഡിൽ ഹാജരാക്കി വൈദ്യുതി കണക്ഷൻ ടിയാന്റെ പേരിൽ അവിഹിതമായി നേടിയിട്ടുള്ളതാണ്. ഇതിൽ സെക്രട്ടറി എന്ന നിലയിൽ തന്റെ ഭാഗത്ത് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. ഉത്തമ വിശ്വാസത്തിലും സദുദ്ദേശത്തിലും മാത്രമാണ് സർട്ടിഫിക്കറ്റ് നൽകിയതെന്നും, സർട്ടിഫിക്കറ്റിൽ ടിയാൻ കൃത്രിമം കാണിച്ചതിൽ താൻ ഉത്തരവാദിയല്ലായെന്നും, 31/05/2015 ൽ താൻ വിരമിക്കുന്നത് വരെ ഇത് സംബന്ധമായ യാതൊരു വിവരവും ആഫീസിൽ ലഭിച്ചിരുന്നില്ലയെന്നും തന്റെ കാലയളവിനു ശേഷം ഇത് സംബന്ധിച്ച പരാതി ആഫീസിൽ ലഭിച്ചതിനെത്തുടർന്ന് തന്റെ പിൻഗാമിയായി വന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടികൾ സ്വീകരിച്ച് വൈദ്യുതി കണക്ഷൻ റദ്ദാക്കിയിട്ടുള്ളതാണെന്നും, ശ്രീ. നാണുകുട്ടനെതിരെ യുക്തമായ നിയമനടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിച്ചിരിക്കുന്നു.

നേരിൽ കേട്ട അവസരത്തിലും ശ്രീ. പ്രഭകുമാരൻ നായർ എതിർവാദ പത്രികയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ തന്നെയാണ് ആവർത്തിച്ചത്. കൂടാതെ മേൽ വിഷയത്തിൽ താൻ നിരപരാധിയാണെന്നും തനിക്കെതിരെ നിർദ്ദേശിച്ചിട്ടുള്ള ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും കൂടാതെ ടി കേസിൽ യാതൊരു സാമ്പത്തിക നഷ്ടവും സർക്കാരിന് ഉണ്ടായിട്ടില്ലായെന്നും ശ്രീ. പ്രഭകുമാരൻ നായർ ബോധിപ്പിക്കുകയുണ്ടായി.

ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ VIII/225 നമ്പർ കെട്ടിടം ശ്രീമതി. തേവിയുടെ ഉടമസ്ഥതയിലാണെന്ന് കാണിക്കുന്ന സാക്ഷ്യപത്രം പഞ്ചായത്ത് അനുവദിച്ചിട്ടുണ്ടെന്നും സർട്ടിഫിക്കറ്റിനകത്ത് ശ്രീ. നാണുകുട്ടൻ എന്നവരുടെ പേര് കൂടി ഉൾപ്പെടുത്തി എന്നതാണ് സെക്രട്ടറി ശ്രീ. പ്രഭകുമാരൻ നായർക്കെതിരായ ആരോപണമെന്നും അസ്സൽ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമല്ലായിരുന്നുവെന്നും ആയതിന്റെ പകർപ്പും കാണാനായില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഫീസ് കോപ്പി പരിശോധിച്ചതിൽ കൃത്രിമം കാണാനായില്ലെന്നും അപേക്ഷകനായ ശ്രീ. നാണുകുട്ടൻ പഞ്ചായത്തിനെ കബളിപ്പിക്കാൻ ശ്രമിച്ചുവെന്ന് ബോദ്ധ്യപ്പെടാവുന്നതേയുള്ളുവെന്നും, ടിയാന്റെ ഉടമസ്ഥതയിലല്ലായെന്ന് അറിയാവുന്ന

കെട്ടിടത്തിന്, ടിയാന്റെ പേരിൽ സാക്ഷ്യപത്രത്തിന് അപേക്ഷിക്കുകയും പിന്നീട് ടിയാൻ മാതാവിന്റെ പേരിൽ പുതുക്കിയ അപേക്ഷ സമർപ്പിച്ച് അന്നേദിവസം തന്നെ സാക്ഷ്യപത്രം സ്വീകരിക്കാൻ കഴിഞ്ഞതിലും പഞ്ചായത്തിന്റെ ഭാഗത്ത് ക്രമവിരുദ്ധത ഉണ്ടായിട്ടുണ്ടെന്നും, ഇതിന്റെ മറുവശം പരിശോധിച്ചാൽ ഏതു നിലക്കുള്ള ഉടമസ്ഥാവകാശ സാക്ഷ്യപത്രം അനുസരിച്ചായാലും VIII/225 നമ്പർ കെട്ടിടത്തിൽ മാത്രമേ വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് കഴിയുകയുള്ളൂവെന്നും മറിച്ച് സംഭവിച്ചതിന് പ്രസ്തുത സ്ഥാപനം മറുപടി പറയാൻ ബാദ്ധ്യസ്ഥരാണെന്നും VIII/225 (നിലവിൽ VIII/32) നമ്പർ കെട്ടിടം വൈദ്യുതീകരിച്ചതല്ലെന്ന് അസസ്സ്മെന്റ് രജിസ്റ്ററിൽ കാണുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. പ്രഭകുമാരൻ നായർ നേരിൽകേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. നാണുകുട്ടൻ ഒരേ ദിവസം തന്നെ സമർപ്പിച്ച 2 അപേക്ഷകൾ പരിശോധിച്ച് കൈകാര്യം ചെയ്യുന്നതിൽ ബന്ധപ്പെട്ട സെക്ഷന് സൂക്ഷ്മതക്കുറവ് ഉണ്ടായിട്ടുള്ളതാണ്. എന്നിരുന്നാലും ഈ വിഷയത്തിൽ സർക്കാരിന് യാതൊരു സാമ്പത്തിക നഷ്ടവും വന്നിട്ടില്ലായെന്നുള്ളതുകൊണ്ട് സെക്രട്ടറിയ്ക്കെതിരായ കുറ്റം നിലനിൽക്കുന്നതല്ലായെന്ന് ബോദ്ധ്യമാകുന്നു. ഈ സാഹചര്യത്തിൽ സേവനത്തിൽ നിന്നും വിരമിച്ച ഏറത്ത് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി. പ്രഭകുമാരൻ നായർക്കെതിരായ ആരോപണങ്ങളിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. വി. പ്രഭകുമാരൻ നായർ, മുൻ സെക്രട്ടറി, ഏറത്ത് ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.വിജി-ഡി3/660/2018-വിജി.
   തീയതി 11.09.2018 പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/83/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ